**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4370** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ അടിസ്ഥാനത്തിൽ തുടങ്ങിയ സംരംഭങ്ങൾ സർക്കാരിന്റെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുക എന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് പ്രധാനമായ കാര്യം. 10ലക്ഷം രൂപ വരെ സ്ഥിരമൂലധനം/പ്രവർത്തനമൂലധനം ബാങ്ക് വായ്പയായി എടുക്കുന്ന സംരംഭങ്ങൾക്ക് പലിശ ഇളവ് സർക്കാർ ധനസഹായമായി നൽകുന്നുണ്ട്. 5 ലക്ഷം വരെയാണ് പലിശയിളവ് നൽകുന്നത്. ഏപ്രിൽ 1, 2022 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തയാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി നൽകുന്ന ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിൽ തുടങ്ങിയ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ബി) | സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി വിവരശേഖരണത്തിനായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ സംരംഭകർക്ക് സഹായം ലഭിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേകം പോർട്ടലുകളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ